# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3865**

**15.03.2017 - ൽ മറുപടിക്ക്.**

## സിഡ്കോയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | **ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) സർക്കാർ നിയന്ത്രിത സ്ഥാപനമായ സിഡ്കോ 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിൽ ആയിരുന്നോ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കാമോ ; | (എ) : സർക്കാർ നിയന്ത്രിത സ്ഥാപനമായ സിഡ്കോ 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിൽ ആയിരുന്നു പ്രവർത്തിച്ചത്. |
| (ബി) തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ സിഡ്കോയുടെ പ്രതിവർഷ ലാഭനഷ്ട കണക്കുകളുടെ വിശദാംശങ്ങൾ നൽകുമോ ; സിഡ്കോയുടെ അക്രിഡിറ്റേഷൻ റദ്ദാക്കിയിട്ടുണ്ടോ ; | (ബി) : പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 486.19/- ലക്ഷം രൂപയും 315.52/- ലക്ഷം രൂപയും 175.33/- ലക്ഷം രൂപയും 719.12/- ലക്ഷം രൂപയും നഷ്ടത്തിലാണ് പ്രവർത്തിച്ചത്. മാർച്ച് 2017 വരെ അക്രഡിറ്റേഷൻ പുനസ്ഥാപിച്ചിട്ടുണ്ട്. |
| (സി) സിഡ്കോ സാമ്പത്തിക നഷ്ടത്തിലാവാൻ ഇടയായ സാഹചര്യങ്ങൾ എന്താണ് ; ആയതിന് കാരണക്കാരായവർക്കെതിരെ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുമോ ? | (സി) : സർക്കാർ അംഗീകാരം ഇല്ലാതെയും ശരിയായ സാധ്യത പഠനം നടത്താതെയും ട്രേഡിങ് വിഭാഗം ആരംഭിച്ച നടപടികൾ, മണൽ വിതരണ ഏജൻസിയുടെ പ്രവർത്തനം, ഡൈ അമോണിയം ഫോസ്-ഫേറ്റ് വിതരണം, വിവിധ ഏജൻസികൾക്ക് മാനദണ്ഡം പാലിക്കാതെ അഡ്വാൻസ് നൽകൽ തുടങ്ങിയ കാര്യങ്ങൾക്കായി ഫണ്ട് വകമാറ്റി ചെലവഴിച്ചതു മൂലവും സിഡ്കോ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ വിവിധ സർക്കാർ ഏജൻസികൾ ലഭ്യമാക്കേണ്ട തുക ലഭ്യമാക്കാത്തതും നഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടാക്കി. സിഡ്കോ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടാർ വിതരണം നടത്തുവാൻ സാധിക്കാതെ വന്നതിനാൽ വിറ്റുവരവ് ഗണ്യമായി കുറഞ്ഞു. ഇതും നഷ്ടം സംഭവിക്കാൻ കാരണമായി.<br>കാരണക്കാരായവർക്കെതിരെ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.